➩ കേരള ദുരന്തനിവാരണ നിയമപ്രകാരമാണ് ഈ മണലെടുപ്പ് നടത്താൻ പോകുന്നത് ➩

**ഇടക്കാലത്തെ** ഇടവേളയ്ക്കു ശേഷം അതിരപ്പിള്ളി ജല വൈദ്യുത പദ്ധതി വീണ്ടും സജീവ ചർച്ചാ വിഷയമായിരിക്കുന്നു. പദ്ധതിയുമായി മുന്നോട്ടു പോകുവാൻ കെ.എസ്.ഇ.ബിക്ക് സർക്കാർ അനുമതി നല്കിയതോടെയാണ് വാദപ്രതിവാദങ്ങൾ വീണ്ടും സജീവമായത്. തുടർച്ചയായ പ്രക്ഷോഭങ്ങൾക്കും സമര പരമ്പരകൾക്കും ശേഷം 2018 മാർച്ചിൽ പദ്ധതിയിൽ നിന്നും പിന്മാറുന്നു എന്ന് വൈദ്യുത മന്ത്രി നിയമസഭയിൽ പ്രസ്താവിച്ചിരുന്നതാണ്. പദ്ധതിക്ക് എതിരെ വിമർശനമുന്നയിച്ചവരെയും, പദ്ധതിയെ എതിർത്ത് സംസാരിച്ചവരെയും 'വികസനം മുടക്കികൾ' എന്നാണ് കേരളത്തിന്റെ ജനപക്ഷ മുഖ്യമന്ത്രി മുൻപ് അഭിസംബോധന ചെയ്തത്. എന്ത് വില കൊടുത്തും ജനദ്രോഹപരമായ ഈ പദ്ധതി നടപ്പിലാക്കും എന്ന ധാർഷ്ട്യം ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല. ഭരണ പരിഷ്കരണ കമ്മീഷൻ അധ്യക്ഷനും മുൻ മുഖ്യമന്ത്രിയുമായ വി.എസ് അച്യുതാനന്ദനും ഭരണകക്ഷിയിലെ തന്നെ മുൻ നിര നേതാവായ കാനം രാജേന്ദ്രനും ഉൾപ്പെടെയുള്ളവർ പദ്ധതിയെ പരസ്യമായി എതിർത്തിട്ടും സർക്കാർ കടുംപിടിത്തത്തിലാണ്.

# അതിരപ്പിള്ളിയും സുസ്ഥിര വികസന ലക്ഷ്യങ്ങളും

മില്ലേനിയം ഡവലപ്മെന്റ് ഗോൾസിന്റെ തുടർച്ചയായി 2030 ഓടുകൂടി നിറവേറ്റുവാൻ ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന പുറത്തിറക്കിയതും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതുമായ 'സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ' നിന്നുമുള്ള പിന്നോട്ടുപോക്കായിരിക്കും അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി. അതിരപ്പിള്ളി പദ്ധതി മൂലം ഉണ്ടാകുന്ന സാമൂഹിക-പാരിസ്ഥിതിക ആഘാതങ്ങൾ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നു

**നിതിൻ രാജാമണി**

നൂറ്റാണ്ടിൽ രേഖപ്പെടുത്തിയ കൊടുംചൂടിന്റെയും കനത്ത വരൾച്ചയുടെയും, തുടർച്ചയായ പ്രളയങ്ങളുടെയും പശ്ചാത്തലത്തിലാണ് കേരളത്തിൽ അവശേഷിക്കുന്ന പച്ചപ്പും പുഴയും തെല്ലുവില കൽപ്പിക്കാതെ നാശോന്മുഖമാക്കാൻ ഉതകുന്ന ഇത്തരം തീരുമാനങ്ങൾ. 'വനം നഷ്ടപ്പെടുന്നതിൽ വലിയ കാര്യമൊന്നുമില്ല. വൈദ്യുതി വേണമെങ്കിൽ കുറച്ചു വനമെല്ലാം നഷ്ടപ്പെടും' എന്നാണ് ബഹുമാനപ്പെട്ട വൈദ്യുത മന്ത്രി 2017 ലെ ലോക വനദിനത്തിന്റെ തലേന്ന് തൃശ്ശൂരിൽ വച്ച് പറഞ്ഞത്. മൃഗങ്ങളെക്കാൾ പ്രധാനമാണ് മനുഷ്യൻ എന്നും, അതിരപ്പിള്ളി പദ്ധതിയിൽ നിന്നും പിന്മാറാതെ സമവായത്തിലൂടെ നടപ്പാക്കും എന്നും അദ്ദേഹം പറയുകയുണ്ടായി. മുൻകാലങ്ങളിൽ അദ്ദേഹം നടത്തിയ കവല പ്രസംഗങ്ങൾ പോലെ കേവലം തള്ളിക്കളയാവുന്ന ഒന്നായിരുന്നില്ല അത് എന്ന് ഇപ്പോൾ തെളിയുന്നു. . ഉത്തരവാദിത്വപ്പെട്ട ഒരു സ്ഥാനത്തിരുന്നു കൊണ്ട് നടത്തിയ പ്രസ്താവനയാണ്. അത് ഭരണകൂടത്തിന്റെ നയവും സമീപനവുമാണ് വെളിവാക്കിയത്. ഒരു വശത്തു പച്ചപ്പും തണുപ്പും നിറഞ്ഞ കാടുകൾ വെട്ടിമാറ്റുകയും, മറുവശത്തു 'ഹരിത കേരളം മിഷൻ' നടപ്പിലാക്കുകയും ചെയ്യുന്നതിന്റെ സാംഗത്യം എത്ര ആ




ലോചിച്ചിട്ടും മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. അതിരപ്പിള്ളിയിലെ കാട് വെട്ടുവാൻ കോടാലി ഉയർത്തുന്നവർ തന്നെയാണ് ആറന്മുളയിലും മെത്രാൻ കായലിലും വിത്തിറക്കാൻ കലപ്പയൂന്നിയത് എന്നത് ഭരണകൂട ഇരട്ടത്താപ്പാണ് വ്യക്തമാക്കുന്നത്.

കേവലം കണക്കുകളിൽ ഒതുങ്ങുന്നതല്ല അതിരപ്പിള്ളിയിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ. എണ്ണിയാൽ ഒടുങ്ങാത്ത നഷ്ടങ്ങൾ തുലനം ചെയ്യുന്നതാകട്ടെ കേവലം 163 മെഗാവാട്ട് വൈദ്യുതിയുമായാണ്. നദി-ജൈവവൈവിധ്യ-പാരിസ്ഥിതിക മേഖലകളിൽ ഗവേഷണം നടത്തുന്ന പ്രഗത്ഭരും, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സാമൂഹ്യ പ്രവർത്തകരും, പ്രാദേശിക വാസികളും എല്ലാം തന്നെ പദ്ധതിയെ നഖശിഖാന്തം എതിർക്കുന്നു. നഷ്ടമാകുന്ന കാടും മേടും, പുഴയും പൂക്കളും മാത്രമല്ല ഈ എതിർപ്പിന് കാരണം. അതിനുമപ്പുറം മനുഷ്യ കുലത്തിന്റെ സാമാന്യ അവകാശങ്ങളെയും നിലനില്പിനെയും തന്നെ ചോദ്യം ചെയ്യപ്പെടുന്നതും ഈ എതിർപ്പിന് ആധാരമാണ്.

മേൽപ്പറഞ്ഞതു പോലെ അതിഗുരുതരമായ പാരിസ്ഥിതിക സാഹചര്യങ്ങളിലൂടെയാണ് കേരളം ഇപ്പോൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ചരിത്രത്തിലെ തന്നെ ഏറ്റവും കടുത്ത വരൾച്ചയും ജലക്ഷാമവുമാണ് 2017ൽ കേരളത്തിൽ രേഖപ്പെടുത്തിയത്. മുമ്പെങ്ങുമില്ലാത്ത വിധം കുറവായിരുന്നു 2016ലെ കാലവർഷവും തുലാവർഷവും എന്ന് കാലാവസ്ഥ വിദഗ്ധരും ചൂണ്ടിക്കാണിക്കുന്നു. കാലവർഷത്തിൽ 34 ശതമാനത്തിന്റെയും തുലാവർഷത്തിൽ 62 ശതമാനത്തിന്റെയും കുറവാണ് അന്ന് രേഖപ്പെടുത്തിയത്. എന്നാൽ 2018 ലും 2019 ലും അതിഭീമമായ മഴയും പ്രളയവുമാണ് കേരളം സാക്ഷ്യം വഹിച്ചത്. അത്തരത്തിൽ അസ്ഥിരവും പ്രകടവുമായ കാലാവസ്ഥ വ്യതിയാനങ്ങൾ ഉണ്ടാകുമ്പോഴാണ് പരിസ്ഥിതിക്ക് ഏറെ കോട്ടം തട്ടുന്ന ഈ പദ്ധതിയുമായി മുന്നോട്ടു പോകുവാൻ ഭരണകൂടം വീണ്ടും കച്ച കെട്ടുന്നത്. സാങ്കേതിക വിദ്യയും, കാലാവസ്ഥാ വ്യതിയാന പഠനങ്ങളുടെ സാന്നിധ്യവും തുലോം കുറവായിരുന്ന 1970 കളിൽ പോലും പരിസ്ഥിതിസംരക്ഷണ വിഷയങ്ങളിൽ കേരളം അല്പം കൂടെ വിവേകപൂർണ്ണമായ സമീപനം കൈകൊണ്ടിരുന്നു. അതിന്റെ ഫലമായാണ് സൈലന്റ് വാലി കാടുകൾ ഇന്നും പച്ചപ്പോടെ നിൽക്കുന്നതും കുന്തിപ്പുഴ അല്പമെങ്കിലും ഒഴുകുന്നതും. അന്ന് കാണിച്ച വിവേകം പോലും ഈ അവസരത്തിൽ നാം കാണിക്കുന്നില്ല എന്ന് തന്നെ പറയേണ്ടി വരുന്നു. അതിരപ്പിള്ളി പദ്ധതി എതിർക്കപ്പെടുന്നത്/എതിർക്കപ്പെടേണ്ടത് കേവലം പരിസ്ഥിതി നാശത്തിന്റെയും, പുഴയുടെ ഒഴുക്ക് നിലക്കുന്നതിന്റെയും മാത്രം അടിസ്ഥാനത്തിൽ അല്ല. അതിനുമപ്പുറം അതിനു ആഗോള പരിവേഷവും നിലനിൽപ്പിന്റെ രാഷ്ട്രീയവും ഉണ്ട്. 2006 ലെ വനാവകാശ നിയമം അതിരപ്പിള്ളിയിലെ പ്രാക്തന ഗോ

ത്ര വർഗ്ഗമായ കാടർക്കു നൽകിയ സ്വയം നിർണ്ണയാവകാശത്തെക്കൂടിയാണ് ഈ പദ്ധതി ചോദ്യം ചെയ്യുന്നത്.

സുസ്ഥിര വികസനം എന്ന ആശയം ലോകമെമ്പാടും പ്രചാരം ഏറിവരികയാണ്. അവശേഷിക്കുന്ന പച്ചപ്പ് കൂടി സംരക്ഷിക്കപ്പെട്ടില്ലെങ്കിൽ അധികം വൈകാതെ തന്നെ ക്രമാതീതമായ കാലാവസ്ഥ വ്യതിയാനങ്ങൾ ഉണ്ടാകും എന്ന് വിദഗ്ധർ നിരീക്ഷിക്കുന്നു. കേരളം പോലുള്ള പാരിസ്ഥിതിക പ്രാധാന്യമേറിയ ഒരു സംസ്ഥാനത്തിന് താങ്ങാവുന്നതല്ല ഇത്തരത്തിൽ വൻ പരിസ്ഥിതി നാശം വരുത്തി വെക്കുന്ന ഒരു പദ്ധതി. മാത്രവുമല്ല ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട 'സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ' (Sustainable Development Goals - SDGs) നിന്നുമുള്ള പിന്നോട്ട് പോക്കും കൂടിയായിരിക്കും അത്. അതിരപ്പിള്ളി പദ്ധതി മൂലം ഉണ്ടാകുന്ന സാമൂഹിക - പാരിസ്ഥിതിക ഭവിഷ്യത്തുകൾ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുകയാണ് ഈ ലേഖനത്തിൽ.

**സുസ്ഥിര വികസന ലക്ഷ്യങ്ങൾ**

മില്ലേനിയം ഡവലപ്മെന്റ് ഗോൾസിന്റെ തുടർച്ചയായി 2030 ഓടു കൂടി നിറവേറ്റുവാൻ ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന പുറത്തിറക്കിയതാണ് 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ'. ലോകമെമ്പാടുമുള്ള ജനങ്ങളുടേയും, ഭൂമിയുടെ തന്നേയും സുസ്ഥിരമായ വികസനവും അഭിവൃദ്ധിയും ലക്ഷ്യമിടുന്നതാണ് ഇത്. എല്ലാ തരത്തിലും, വ്യാപ്തിയിലും ഉള്ള ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നത് ഇന്നിന്റെ ഏറ്റവും വലിയ വെല്ലുവിളിയും സുസ്ഥിര വികസനത്തിനുള്ള അനിവാര്യതയും ആണെന്ന തിരിച്ചറിവിൽ നിന്നാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ രൂപം കൊള്ളുന്നത്. എല്ലാ രാജ്യങ്ങളും ദാരിദ്ര്യത്തിനെതിരായുള്ള ഈ കർമ്മ പദ്ധതി നടപ്പിൽ വരുത്തണമെന്നാണ് ഐക്യരാഷ്ട്ര സംഘടന ആഹ്വാനം ചെയ്യുന്നത്. 17 പ്രഖ്യാപിത ലക്ഷ്യങ്ങളും 169 നിർദ്ദേശക തത്വങ്ങളും അടങ്ങിയ ഈ സംഹിത സുസ്ഥിര വികസനത്തിന്റെ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക വശങ്ങൾ പരിഗണിച്ചുകൊണ്ടുള്ള വികസന നയങ്ങൾക്ക് ആഹ്വാനം ചെയ്യുന്നു.

**പ്രഥമം ദാരിദ്ര്യനിർമ്മാർജ്ജനം**

വികസന ലക്ഷ്യങ്ങളിൽ ഒന്നാമതായി പ്രഖ്യാപിച്ചിരിക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജനമാണ്. അതിൽ തന്നെ വ്യക്തമായി വിശദമാക്കിയിരിക്കുന്നതു, എല്ലാ ജനവിഭാഗങ്ങൾക്കും, പ്രത്യേകിച്ച് ഏറ്റവും ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമായിട്ടുള്ളവർക്കു സാമ്പത്തിക- സാമൂഹിക-പാരിസ്ഥിതിക വിഭവങ്ങൾ ഉറപ്പുവരുത്തണം എന്നാണ് (SDG 1.4). ഇത്തരം ഒരു വികസന ലക്ഷ്യം നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് അതിരപ്പിള്ളി പദ്ധതിയുടെ പേരിൽ പ്രാക്തന ഗോത്ര വർഗമായ കാടർ വിഭാഗത്തെ ഉൾപ്പടെയുള്ളവരെ അവരുടെ ആവാസവ്യവസ്ഥയിൽ നിന്നും കുടിയൊഴിപ്പിക്കുന്നത്. വിവിധ വികസന പദ്ധതികളുടെ പേരിൽ പലതവണ കുടിയൊഴിപ്പിക്കപ്പെട്ട് ഉൾക്കാടുകളിൽ നിന്നും മലയിറങ്ങി അതിരപ്പിള്ളിയിൽ എത്തിയവരാണ് അതിരിപ്പിള്ളിയിലെ കാടർ വിഭാഗം. അവർക്കിനിയും കുടിയൊഴിഞ്ഞു താഴോട്ടിറങ്ങാൻ കാട് അവശേഷിക്കുന്നില്ല. മാത്രവുമല്ല കാടർ വിഭാഗത്തിന്റെ ഉപജീവന മാർഗ്ഗങ്ങൾ എല്ലാം തന്നെ ചാലക്കുടി പുഴയെയും പുഴയോര കാടുകളെയും ആശ്രയിച്ചുള്ളതാണ്. നിലവിലെ ആവാസ വ്യവസ്ഥയിൽ നിന്നുമുള്ള പറിച്ചു നടൽ അവരുടെ ഉപജീവനം തന്നെ ഇല്ലാതാക്കുന്നതായിരിക്കും. പുഴ എന്നത് ഈ ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം കേവലം ഒഴുകുന്ന വെള്ളം മാത്രമല്ല. അത് അവരുടെ നിത്യജീവിതവുമായി അഭേദ്യമായ ബന്ധം പുലർത്തുന്നതും ഒട്ടനവധി ജൈവ സേവനങ്ങൾ പ്രദാനം ചെയ്യുന്നതുമാണ്. ഇവിടെ നിന്നുമുള്ള പറിച്ചു നടൽ ഇത്തരം ജൈവ-പാരിസ്ഥിതിക സേവനങ്ങൾ പൂർണ്ണമായി നഷ്ടപ്പെടുത്തുന്നതായിരിക്കും. ദാരിദ്ര്യത്തിൽ നിന്നും കൊടും ദാരിദ്ര്യത്തിലേക്ക് അവരെ തള്ളിവിടുന്നതിനു മാത്രമേ ഇത് ഉപകരിക്കുകയുള്ളൂ. ഇതിന്റെ തുടർച്ചയായി (SDG 1.5) തന്നെ ചേർക്കുന്നത് ദരിദ്ര ജനവിഭാഗങ്ങളേയും, വൾനറബിൾ (vulnerable) ആയിട്ടുള്ളവരെയും കാലാവസ്ഥ വ്യതിയാനം ഉൾപ്പെടെയുള്ള സാമ്പത്തിക-സാമൂഹിക-പാരിസ്ഥിതിക ദുരന്തങ്ങളിൽ നിന്നും മറ്റും സംരക്ഷിക്കണെമെന്നും ഇത്തരം അവസ്ഥകളോട് പൊരുത്തപ്പെടുവാൻ അവരുടെ ഉല്പതിഷ്ണുത (resilience) വർധിപ്പിക്കണം എന്നുമാണ്. എന്നാൽ അതിരപ്പിള്ളിയിൽ നടക്കുന്നതാകട്ടെ ഇതിന്റെ നേർവിപരീതവും.

SDG 2 ലക്ഷ്യം വെക്കുന്നത് 'വിശപ്പ്' ഇല്ലാതാക്കുകയും ഭക്ഷ്യസുരക്ഷയും പോഷകാഹാര ലഭ്യതയും ഉറപ്പു വരുത്തുന്നതിലുമാണ്. അതിരപ്പിള്ളിയിലെ പ്രാദേശികവാസികളെ സംബന്ധിച്ചിടത്തോളം അവരുടെ പോഷകാഹാരങ്ങളിൽ പ്രഥമവും, അവയുടെ പ്രധാന സ്രോതസ്സും പുഴയിലെ വിവിധ ഇനം മത്സ്യങ്ങളും വനവിഭവങ്ങളുമാണ്. അതിരപ്പിള്ളിയിലെ പൊതുവിഭാഗത്തിൽ 85 ശതമാനവും ആദിവാസി ജനതയിൽ 95 ശതമാനവും ഉപജീവനത്തിനായി തടിയിതര വനവിഭവങ്ങളെ ആശ്രയിക്കുന്നവരാണ്. മുഴുവൻ ആദിവാസി ജനതയും,

95 ശതമാനം പൊതുവിഭാഗവും പുഴയിൽ നിന്നുള്ള മത്സ്യബന്ധനത്തെ ദ്വിതീയ ഉപജീവന മാർഗ്ഗമായി അവലംബിക്കുന്നു. വനസംരക്ഷണ സമിതിയുടെ രൂപീകരണത്തോടെ 76 ശതമാനം ജനങ്ങളുടെ ഉപജീവനം അതിൽ നിന്നും ഉള്ള വരുമാനത്തെ ആശ്രയിച്ചിരിക്കുന്നു. വന സംരക്ഷണ സമിതിയുടെ പ്രധാന വരുമാന മാർഗ്ഗം ടൂറിസം അനുബന്ധ പ്രവർത്തനങ്ങളിൽ നിന്നാണെങ്കിലും അവരുടെ പ്രവർത്തനങ്ങൾ എല്ലാം തന്നെ അതിരപ്പിള്ളി വനത്തേയും ചാലക്കുടിപ്പുഴയെയും അതിലെ വിഭവങ്ങളെയും ആശ്രയിച്ചാണെന്ന് ഭവ്യ എം കെ 2016 ൽ നടത്തിയ പഠനത്തിൽ സൂചിപ്പിക്കുന്നു. വർഷത്തിൽ പത്ത് ലക്ഷത്തോളം വിനോദസഞ്ചാരികൾ ആണ് അതിരപ്പിള്ളി - വാഴച്ചാൽ വെള്ളച്ചാട്ടം സന്ദർശിക്കുവാൻ എത്തുന്നത്. നിർദിഷ്ട പദ്ധതി ഈ വെള്ളച്ചാട്ടങ്ങൾ ശുഷ്കമാകുന്നതിനോ പൂർണ്ണമായി നിലക്കുന്നതിനോ ഇടയാക്കും. ഇത് വിനോദസഞ്ചാര സാദ്ധ്യതകൾ മങ്ങുന്നതിനു കാരണമാകും. പ്രദേശ വാസികളുടെ ഉപജീവനത്തിൽ ഇതുണ്ടാക്കുന്ന സ്വാധീനം ചില്ലറയാകില്ല. ഇത്തരത്തിൽ ഉള്ള ഒരു മാറ്റം അവരുടെ ആരോഗ്യവും ഭക്ഷ്യസുരക്ഷയും ഇല്ലാതാക്കുന്നതിന് മാത്രമേ ഉപകരിക്കുകയുള്ളൂ. അതിനു ബദലായി നമുക്ക് മുന്നിലുള്ളത് താളം തെറ്റിയ പൊതുവിതരണ ശൃംഖല മാത്രമാണ്. പാർശ്വവത്കരിക്കപ്പെട്ട ആദിവാസി ജനവിഭാഗങ്ങൾക്കിടയിൽ അത് എത്രമാത്രം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട് എന്നത് അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. അതിനാൽ തന്നെ അത്തരം ഒരു സംവിധാനത്തെ തീർത്തും ആശ്രയിക്കുക വയ്യ.

പ്രദേശ വാസികളുടെ ഉപജീവനത്തിൽ ഇതുണ്ടാക്കുന്ന സ്വാധീനം ചില്ലറയാകില്ല. ഇത്തരത്തിൽ ഉള്ള ഒരു മാറ്റം അവരുടെ ആരോഗ്യവും ഭക്ഷ്യസുരക്ഷയും ഇല്ലാതാക്കുന്നതിന് മാത്രമേ ഉപകരിക്കുകയുള്ളൂ. അതിനു ബദലായി നമുക്ക് മുന്നിലുള്ളത് താളം തെറ്റിയ പൊതുവിതരണ ശൃംഖല മാത്രമാണ്. പാർശ്വവത്കരിക്കപ്പെട്ട ആദിവാസി ജനവിഭാഗങ്ങൾക്കിടയിൽ അത് എത്രമാത്രം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട് എന്നത് അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്.

**കുടിവെള്ളം കിട്ടാക്കനിയാകുമ്പോൾ**

സുസ്ഥിരമായ ജലലഭ്യത ഉറപ്പുവരുത്തുവാൻ ആഹ്വാനം ചെയ്യുന്നതാണ് SDG 6. 2030 ഓടു കൂടി ലോകമെമ്പാടും ശുദ്ധവും പ്രാപ്തവും (affordable) ആയ കുടിവെള്ളം ഉറപ്പുവരുത്തണം (SDG 6.1) എന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ നിലവിൽ വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ അതിരപ്പിള്ളി പദ്ധതി നടപ്പിലായാൽ പദ്ധതി പ്രദേശത്തെ പ്രാക്തന ഗോത്ര വർഗ്ഗം ഉൾപ്പെടെയുള്ള ജനവിഭാഗത്തിന് നിലവിലുള്ള കുടിവെള്ളം പോലും ലഭ്യമല്ലാതാകും. മാത്രവുമല്ല, താഴ്‌വരയിൽ ചാലക്കുടി പുഴയെ ആശ്രയിച്ചു ജീവിക്കുന്ന വലിയൊരു വിഭാഗം ജനതക്കും കുടിവെള്ളം ലഭ്യമല്ലാതാകും. പദ്ധതി മൂലം ചാലക്കുടിപ്പുഴയിലെ നീരൊഴുക്കിൽ ഗണ്യമായ കുറവുണ്ടാകുമെന്നു സെന്റർ ഫോർ സയൻസ് ആൻഡ് എൻവിയോൺമെന്റ് ഡയറക്ടറും കസ്തൂരിരംഗൻ കമ്മറ്റി അംഗവുമായ സുനിത നരേൻ നിരീക്ഷിക്കുന്നു. പദ്ധതി നടപ്പിൽ വന്നാൽ നിർദ്ദിഷ്ട അണക്കെട്ടിന് താഴെ ആറ് കിലോമീറ്ററോളം ഒഴുക്ക് 9.65 ഘനമീറ്റർ ആയി കുറയുകയും അതിനു താഴെയുള്ള പ്രദേശങ്ങളിൽ ജനറേറ്റർ പ്രവർത്തിക്കുന്ന സമയത്ത് കൂടിയ ഒഴുക്കും അല്ലാത്ത സമയങ്ങളിൽ കുറവും ഉണ്ടാകും. ഇത്തരത്തിൽ പുഴയിലെ നീരൊഴുക്ക് കുറയുന്നത് അതിനെ ആശ്രയിച്ചു വിഭാവനം ചെയ്തിട്ടുള്ള വിവിധ ജലസേചന-കുടിവെള്ള പദ്ധതികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ചാലക്കുടിപ്പുഴയെ ആശ്രയിച്ചു നൂറോളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും മുപ്പതോളം കുടിവെള്ള പദ്ധതികളും ആണ് പ്രവർത്തിക്കുന്നത്. തൃശൂർ, എറണാകുളം ജില്ലകളിലായി 14,800 ഹെക്ടർ കൃഷിഭൂമിക്കു ജലസേചനം ചെയ്യുന്ന തുമ്പൂർമുഴി വിയറിന്റെയും പ്രവർത്തനം ഇതു മൂലം താറുമാറാകും. ഇരുപതു പഞ്ചായത്തുകളിലെ ഏതാണ്ട് പത്തു ലക്ഷത്തോളം ജനങ്ങളാണ് കുടിവെള്ളത്തിനായി ചാലക്കുടിപ്പുഴയെ ആശ്രയിക്കുന്നത്. ഇതോടൊപ്പം തന്നെ പുഴയിലെ നീരൊഴുക്ക് കുറയുന്നത് ഓരുവെള്ളം കയറുന്നതിനും കുടിവെള്ള- ജലസേചന സ്രോതസ്സുകൾ ഉപയോഗശൂന്യമാകുന്നതിനും കാരണമാകും. അത്തരത്തിൽ വലിയൊരു വിഭാഗം ജനതയ്ക്ക് പ്രാഥമികമായ പ്രകൃതി വിഭവങ്ങൾ പോലും നിഷേധിക്കത്തക്കതാണ് ഈ പദ്ധതി. മാത്രവുമല്ല 2020 ഓടു കൂടി ജലസംബന്ധിയായ പരിസ്ഥിതി വ്യൂഹങ്ങളെ സംരക്ഷിക്കണം എന്നും SDG നിഷ്കർഷിക്കുന്നു (SDG 6.6). ഇതിൽ മലനിരകൾ, കാടുകൾ,




ചതുപ്പു പ്രദേശങ്ങൾ, നീർത്തടങ്ങൾ, നദികൾ തുടങ്ങിയവ എല്ലാം തന്നെ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. അതിരപ്പിള്ളി പദ്ധതി മൂലം നശിക്കുന്നത് 200 ഹെക്ടറോളം (അതിൽ തന്നെ അതീവ പരിസ്ഥിതി പ്രാധാന്യം ഉള്ള 28.5 ഹെക്ടർ പുഴയോരക്കാട്) കാടും അതിലെ നീർച്ചോലകളും, കുന്നിൻ പ്രദേശവും ആണ് എന്ന് ചേർത്ത് വായിക്കുമ്പോഴാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ നിന്നും സാക്ഷര കേരളം എത്രത്തോളം ദൂരത്തിലാണ് എന്ന് മനസ്സിലാക്കുവാൻ ആകുന്നത്. അതിരപ്പിള്ളിക്ക് മുൻപേ ചാലക്കുടിപ്പുഴയിൽ പണിത ആറ് അണക്കെട്ടുകൾ പുഴയുടെ ഒഴുക്കിനു അർദ്ധവിരാമമിട്ടെങ്കിൽ അതിരപ്പിള്ളിയിൽ ഒരു അണക്കെട്ടു കൂടി വരികയാണെങ്കിൽ അത് പുഴയുടെ ഒഴുക്കിനുള്ള പൂർണ്ണ വിരാമമായിരിക്കും. മരുപ്പറമ്പുകൾക്കിടയിൽ കെട്ടിനിൽക്കുന്ന കുറച്ചു വെള്ളം മാത്രമായി ചാലക്കുടി പുഴ അവശേഷിക്കും. കുറച്ചു കാലത്തിനപ്പുറം അത് പോലും നാമാവശേഷമാകും.

### സുസ്ഥിരവും നൂതനവുമായ ഊർജ്ജം

വർധിച്ചു വരുന്ന ഊർജ്ജ ആവശ്യം നിറവേറ്റുന്നതിന് വേണ്ടിയാണ് അതിരപ്പിള്ളി പദ്ധതി എന്നാണ് അതിനു വേണ്ടി മുറവിളികൂട്ടുന്നവരുടെ പ്രധാന വാദം. കേരളം കടുത്ത വൈദ്യുത പ്രതിസന്ധിയിൽ ആണെന്നും ഭാവിയിലെ ഊർജ്ജ ആവശ്യങ്ങൾ കൂടി കണക്കിലെടുക്കുമ്പോൾ പദ്ധതി അനിവാര്യം ആണെന്നും ഇവർ വാദിക്കുന്നു. എന്നാൽ ഈ ഊർജ്ജപ്രതിസന്ധിയും ഭാവി ആവശ്യങ്ങളും വെറും കണക്കുകൂട്ടലുകൾ മാത്രമാണ് എന്നും, ഈ വാദത്തിൽ കഴമ്പില്ല എന്നും പരിസ്ഥിതി പ്രവർത്തകരും ചാലക്കുടി നദി സംരക്ഷണ സമിതിയും കണക്കുകൾ നിരത്തി സമർത്ഥിക്കുന്നു. അതിരപ്പിള്ളി പദ്ധതിയിൽ നിന്നും പ്രതീക്ഷിക്കുന്നത് 200-212 ദശലക്ഷം യൂണിറ്റ് വൈദ്യുതി മാത്രമാണ്. വൈദ്യുതി ബോർഡിന്റെ കണക്കുകൾ പ്രകാരമുള്ള വൈദ്യുത പ്രതിസന്ധി മറികടക്കുന്നതിന് ഇത് തുലോം കുറവാണ്. എന്നാൽ അതിനുണ്ടാകുന്ന സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക ചിലവുകൾ ഭീമമാണ്. എല്ലാ ജനവിഭാഗങ്ങൾക്കും അനുസ്യൂതം വൈദ്യുതി ലഭ്യമാകണം എന്നത് അംഗീകരിക്കാവുന്ന കാര്യമാണ്. എന്നാൽ എത്രയോ ബദൽ മാർഗ്ഗങ്ങൾ ഉള്ളപ്പോൾ കാലഹരണപ്പെട്ടതും ചിലവേറിയതുമായ ജലവൈദ്യുത പദ്ധതി തന്നെ വേണം എന്ന അനാവശ്യ വാശി അംഗീകരിക്കാനാകാത്തതാണ്. എല്ലാ ജനവിഭാഗങ്ങൾക്കും സുസ്ഥിരവും നൂതനവുമായ ഊർജ്ജം പ്രദാനം ചെയ്യണമെന്നാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഏഴാമതായി പറയുന്നത്. അതിൽ തന്നെ പുനരുപയോഗ്യമായ ഊർജ്ജ സ്രോതസ്സുകൾക്കു പ്രാധാന്യം നൽകാനാണ് നിഷ്കർഷിക്കുന്നത്. നിലവിലുള്ള പദ്ധതികളുടെയും ഉപകരണങ്ങളുടെയും

കാര്യക്ഷമത വർധിപ്പിക്കുകയും, ഊർജക്ഷമത ഉറപ്പു വരുത്തുകയും, പ്രസരണ നഷ്ടം ഒഴിവാക്കാൻ ഉള്ള നടപടികൾ സ്വീകരിക്കുകയും വഴി നിലവിലെ ഊർജ ആവശ്യങ്ങൾ നിറവേറ്റാം എന്നിരിക്കെ അതിനോട് മുഖം തിരിക്കാനാണ് നമ്മുടെ ജനനായകർക്കു താത്പര്യം. അതിരപ്പിള്ളി പദ്ധതി പലർക്കും ഒരു ചക്കരക്കുടം ആണ് എന്നതാണ് അവരെ ഇതിനു വേണ്ടി വാദിക്കുവാൻ പ്രേരിപ്പിക്കുന്നത്. അതിരപ്പിള്ളി പദ്ധതിയുടെ പശ്ചാത്തലത്തിൽ ഏറെ പ്രാധാന്യം ഉള്ള നിർദ്ദേശങ്ങളാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ മുന്നോട്ടു വെക്കുന്നത്. അതിനോട് പിന്തിരിഞ്ഞു നിൽക്കുന്നത് സാമാന്യ ജനതയോടുള്ള വെല്ലുവിളിയാണ്.

വിശാലമായ തലത്തിൽ ആണെങ്കിലും സുസ്ഥിരവും ഉൾക്കൊള്ളുന്നതുമായ (inclusive) സാമ്പത്തിക വളർച്ചയെക്കുറിച്ചും (SDG 8), സുസ്ഥിരമായ അടിസ്ഥാന സൗകര്യ-വാണിജ്യ-വ്യവസായ വികസനത്തെക്കുറിച്ചും (SDG 9) സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംസാരിക്കുന്നുണ്ട്. സൂക്ഷ്മതലത്തിൽ തന്നെ നടപ്പിലാക്കാവുന്നതരത്തിലാണ്, അഥവാ അത്രയും പ്രായോഗികമായ രീതിയിലാണ് ഇതിലെ ആശയങ്ങൾ ഓരോന്നും. അതിനോടെല്ലാം തന്നെ യാതൊരു വിധത്തിലും ചേർന്ന് പോകാത്തതാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി. രാജ്യാന്തര തലത്തിലും അന്തർദേശീയ തലത്തിലും ഉള്ള സാമ്പത്തിക-സാമൂഹിക അസമത്വം കുറക്കുക എന്നതാണ് പത്താമത്തെ ലക്ഷ്യം. യാതൊരുവിധ വിഭാഗീയതകളുടെയും പേരിൽ അസമത്വം വളർത്തരുതെന്നും എല്ലാ വിഭാഗങ്ങളുടെയും സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ഉൾപ്പെടുത്തൽ (inclusion) ഉറപ്പു വരുത്തണം എന്നും ആഗോള തലത്തിൽ ആഹ്വാനം ചെയ്യുമ്പോഴാണ് പരിഷ്കൃതർ എന്ന് സ്വയം ഊറ്റം കൊള്ളുന്ന കേരളീയർ 'വികസനത്തിന്റെ' പേരിൽ അന്യംനിന്നുകൊണ്ടിരിക്കുന്ന ഒരു ജനവിഭാഗത്തെ വീണ്ടും പടുകുഴിയിലേക്ക് തള്ളിയിടുന്നത്. സർക്കാരിന്റെ തന്നെ കണക്കുകൾ പ്രകാരം വാഴച്ചാലിലെ 163ഉം പൊകലപ്പാറ സെറ്റിൽമെന്റിലെ 71 ഉം കാടർ ആദിവാസി കുടുംബങ്ങളെ പദ്ധതിക്കായി കുടിയൊഴിപ്പിക്കേണ്ടി വരുമെന്ന് കാണുന്നു. പലതവണ കുടിയൊഴിപ്പിക്കപ്പെട്ട് സാമൂഹിക വ്യവസ്ഥയുടെ പാർശ്വങ്ങളിൽ പോലും ഇടം നേടാനാകാതെ പോകുന്ന കാടർ വിഭാഗത്തോട് നമ്മൾ കാണിക്കുന്നത് തികഞ്ഞ അനീതിയാണ്. ഒരു ജനതയുടെ ജീവനും ജീവിതത്തിനും ഉള്ള അവകാശമാണ് ചോദ്യം ചെയ്യപ്പെടുന്നത്. അവരുടെ സംസ്കാരവും, തനിമയും സ്വത്വവുമാണ് വേരിളകുന്നത്. തൃശൂർ പൂരത്തിന് കരിയും കരിമരുന്നും നിരോധിക്കുമ്പോൾ മാത്രം സംസ്കാരം, സ്വത്വം, പാരമ്പര്യം എന്നൊക്കെ മുറവിളികൂട്ടി ഊറ്റം കൊള്ളുന്നവർ തനിമ നഷ്ടപ്പെടുന്ന, വേരുകൾ പിഴുതെറിയപ്പെടുന്ന ഇവരെക്കുറിച്ചുകൂടി ചിന്തിക്കേണ്ടതാണ്. അവർക്കുവേണ്ടിക്കൂടി ശബ്ദം ഉയർത്തേണ്ടതാണ്.

2030 ഓടു കൂടി എല്ലാ ജനവിഭാഗങ്ങൾക്കും സുസ്ഥിരവും സുരക്ഷിതവുമായ വാസസ്ഥലങ്ങൾ ഉറപ്പാക്കണം എന്നാണ് SDG 11 ലക്ഷ്യം വെക്കുന്നത്. വാസസ്ഥലങ്ങളിൽ, പ്രത്യേകിച്ച് നഗര പ്രദേശങ്ങളിൽ ആവശ്യത്തിന് പച്ചപ്പും തുറസ്സായ ഇടങ്ങളും ഉറപ്പുവരുത്തണം എന്നും നിഷ്കർഷിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പരിഗണന ഈ വിഷയത്തിൽ നൽകണം എന്നും നിർദ്ദേശിക്കുന്നു. എന്നാൽ നമ്മുടെ ഭരണകൂടമാകട്ടെ പച്ചപ്പിന്റെയും കുളിർമ്മയുടെയും നടുവിൽ പ്രകൃതിയോടിണങ്ങി ജീവിതം നയിക്കുന്നവരെ കുടിയൊഴിപ്പിച്ച് പെരുവഴിയിലാക്കുവാനാണ് ശ്രമിക്കുന്നത്. ഇത്രത്തോളം വികലമായ വികസന സങ്കല്പങ്ങൾ ആരുടെ ചിന്തയിലാണാവോ ഉദിക്കുന്നത്.

**കാലാവസ്ഥാവ്യതിയാനം കാല്പനികമല്ല**

അത്യധികം പ്രാധാന്യത്തോടെയാണ് SDG കാലാവസ്ഥ വ്യതിയാനത്തെയും അതുമൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്നത്. കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രകടമായ ലക്ഷണങ്ങളും അതിന്റെ ദുരനുഭവങ്ങളും കേരളം നേരിട്ട് അനുഭവിച്ചുതുടങ്ങിയിരിക്കുന്നു. നിത്യജീവിതത്തിലും, ഉപജീവനോപാധികളിലും കാലാവസ്ഥാമാറ്റം അതിന്റെ സ്വാധീനം ചെലുത്തിതുടങ്ങിയിരിക്കുന്നു. ആഗോളതാപനത്തിനും കാലാവസ്ഥാവ്യതിയാനത്തിനും മരമാണ് മറുപടി എന്ന് സ്കൂൾ ചുമരുകളിലും വഴിയോരങ്ങളിലും എഴുതി വെക്കുന്ന നമ്മൾ, അതിരപ്പിള്ളി പുഴയോരക്കാടുകളിലെ അസംഖ്യം മരങ്ങൾക്കു വെറും നാലു കോടി രൂപയാണ് വില കൽപ്പിച്ചത്. കേവലം നോട്ടുകെട്ടുകളിൽ ഒതുക്കാവുന്നതല്ല ഈ മരങ്ങളുടെയും അത് നൽകുന്ന പാരിസ്ഥിതിക സേവനങ്ങളുടെയും മൂല്യം എന്ന് മനസ്സിലാക്കുവാൻ മലയാളിക്കാവുന്നില്ല. അതിനുള്ള പാരിസ്ഥിതിക വിദ്യാഭ്യാസവും അവബോധവും അവൻ ആർജിച്ചിട്ടില്ല. അതിനാൽ മാത്രമാണ് തീർത്തും പണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മരങ്ങൾക്കു വിലയിടാൻ നമുക്ക് സാധിക്കുന്നത്. വർധിച്ചു വരുന്ന ചൂടിനും കാലാവസ്ഥാവ്യതിയാനത്തിനും പരിഹാരമായി കൂടുതൽ പ്രദേശങ്ങൾ വനവത്കരണത്തിനു കീഴിൽ കൊണ്ട് വരേണ്ടതിനു പകരം, നിലനിൽക്കുന്ന വനത്തെപ്പോലും മുക്കിക്കൊല്ലുന്നതു ആത്മഹ

ത്യാപരമാണ്. കാലാവസ്ഥാവ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ വൻകിട ഡാമുകൾ കാലഹരണപ്പെട്ട ആശയമാണെന്ന് ഡാമുകൾക്കായുള്ള വേൾഡ് കമ്മീഷൻ നിരീക്ഷിക്കുന്നു. വൻകിട ഡാമുകൾ പലതരത്തിലുള്ള പാരിസ്ഥിതിക-സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതായി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വെള്ളക്കെട്ട് ഉണ്ടാവുക, നീരൊഴുക്ക് കുറയുന്നത് മൂലമുള്ള ഓരുവെള്ളത്തിന്റെ കയറ്റം, അതുമൂലം ഉണ്ടാകുന്ന മലിനീകരണം, കൃഷിനാശം, അണക്കെട്ടുകൾ മൂലമുള്ള ജൈവവൈവിധ്യത്തിന്റെ നാശം, നീരൊഴുക്കിലെ വ്യത്യാസങ്ങൾ മൂലം ജല ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങളും അതുമൂലം ഭക്ഷ്യശൃംഖലയിലും ജൈവ കുടിയേറ്റത്തിലും ഉണ്ടാകുന്ന മാറ്റങ്ങൾ, ഹരിത ഗൃഹ വാതങ്ങളുടെ പുറംതള്ളൽ എന്നിവ അണക്കെട്ടുകൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ആണ്. അതോടൊപ്പം തന്നെ അണക്കെട്ടുകൾ വൻതോതിലുള്ള കുടിയൊഴിപ്പിക്കലുകൾക്കും കാരണമാകുന്നു. ഇതുമൂലം ഉണ്ടാകുന്ന ഉപജീവന-ആരോഗ്യ പ്രശ്നങ്ങൾ വേറേയും.

അണക്കെട്ടുകളുടെ നിർമ്മാണം കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കം, വരൾച്ച എന്നിവയുടെ തീവ്രത വർധിക്കുന്നതിന് കാരണമാകുമെന്ന് പഠനങ്ങൾ വിലയിരുത്തുന്നു. ഋതുക്കളിലെ മാറ്റം കാലാവസ്ഥ വ്യതിയാനം മൂലം പ്രവചനാതീതമാകുകയും തന്മൂലം മഴയിലേയും വേനലിലേയും മാറ്റങ്ങൾ അപ്രതീക്ഷിതമാകുകയും ചെയ്യും. ഇത് അണക്കെട്ടുകൾ മൂലമുള്ള അപകടസാധ്യത വർധിക്കുന്നതിനോ, വരൾച്ചമൂലം അവയുടെ ലക്ഷ്യങ്ങൾ നിറവേറ്റപ്പെടാതെ പോകുന്നതിനോ കാരണമാകാം.

അണക്കെട്ടുകളുടെ നിർമ്മാണം കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കം, വരൾച്ച എന്നിവയുടെ തീവ്രത വർധിക്കുന്നതിന് കാരണമാകുമെന്ന് പഠനങ്ങൾ വിലയിരുത്തുന്നു. ഋതുക്കളിലെ മാറ്റം കാലാവസ്ഥ വ്യതിയാനം മൂലം പ്രവചനാതീതമാകുകയും തന്മൂലം മഴയിലേയും വേനലിലേയും മാറ്റങ്ങൾ അപ്രതീക്ഷിതമാകുകയും ചെയ്യും. ഇത് അണക്കെട്ടുകൾ മൂലമുള്ള അപകട സാധ്യത വർധിക്കുന്നതിനോ, വരൾച്ചമൂലം അവയുടെ ലക്ഷ്യങ്ങൾ നിറവേറ്റപ്പെടാതെ പോകുന്നതിനോ കാരണമാകാം. അതോടൊപ്പം തന്നെ അണക്കെട്ടുകൾ കാലാവസ്ഥ മലിനീകരണത്തിനും, ഹരിതഗൃഹ വാതകങ്ങളുടെ നിർഗമനത്തിനു

ള്ള പ്രധാന സ്രോതസ്സ് ആണെന്നും കണ്ടെത്തിയിരിക്കുന്നു. വൻതോതിൽ മരങ്ങളും ജൈവ വൈവിധ്യവുമുള്ള അതിരപ്പിള്ളിയിലെ പുഴയോരക്കാടുകൾ വെള്ളത്തിനടിയിലാകുന്നത് വൻതോതിലുള്ള ഹരിത ഗൃഹ വാതകങ്ങളുടെ പുറംതള്ളലിന് കാരണമാകാം. പശ്ചിമഘട്ട മലനിരകളെക്കുറിച്ചു സമഗ്രമായ പഠനം നടത്തിയ മാധവ് ഗാഡ്ഗിൽ കമ്മറ്റിയുടെ റിപ്പോർട്ട് പ്രകാരം അതിരപ്പിള്ളി അതീവ പരിസ്ഥിതി പ്രാധാന്യം ഉള്ള സോൺ ഒന്നിൽ ആണ് ഉൾപ്പെടുന്നത്. സോൺ ഒന്നിൽ വൻകിട അണക്കെട്ടുകൾ ഒന്നും തന്നെ നിർമ്മിക്കരുത് എന്നാണ് ഗാഡ്ഗിൽ റിപ്പോർട്ട് ആവശ്യപ്പെടുന്നത്.

**അതുല്യം ജൈവവൈവിധ്യം**

SDG പതിനഞ്ചാമതായി പറയുന്നത് ജൈവ വ്യവസ്ഥകളുടെ സുസ്ഥിരമായ ഉപയോഗത്തേയും, വനപ്രദേശങ്ങളുടെ സുസ്ഥിരമായ നിലനില്പിനെയും കുറിച്ചാണ്. 2020 ഓടു കൂടി അന്താരാഷ്ട്ര രൂപരേഖകൾക്കനുസൃതമായി വനപ്രദേശങ്ങളും, മലനിരകളും, നീർത്തടങ്ങളും സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണം എന്നാണ് (SDG 15.1) നിർദ്ദേശിക്കുന്നത്. നാമാകട്ടെ അത്യധികം പ്രാധാന്യമുള്ള ഒരു വനപ്രദേശത്തെ ഏതുവിധേനെയും ഇല്ലാതാക്കുന്നതിനുള്ള ഗൂഢതന്ത്രങ്ങൾ ആണ് ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുന്നത്.

അതുല്യമാണ് അതിരപ്പിള്ളിയിലെ ജൈവവൈവിധ്യം. ലോകത്തിലെ തന്നെ ഏറ്റവും പ്രാധാന്യമുള്ള എട്ടു ജൈവവൈവിധ്യ കേന്ദ്രങ്ങളിൽ ഒന്നായി യുനെസ്കോ അതിരപ്പിള്ളിയെ തിരഞ്ഞെടുത്തിട്ടുണ്ട്. കേരളത്തിൽ ഏറ്റവുമധികം ജൈവവൈവിധ്യമുള്ള രണ്ടാമത്തെ സ്ഥലമാണ് അതിരപ്പിള്ളിയിലെ പുഴയോരക്കാടുകൾ എന്ന് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കണക്കാക്കുന്നു. കണക്കാക്കിയതിലും അപ്പുറമാണ് ഇവിടുത്തെ ജൈവവൈവിധ്യം. 402 ഓളം വിവിധ സസ്യവിഭാഗങ്ങൾ ആണ് അതിരപ്പിള്ളിയിലെ പുഴയോരക്കാടുകളിൽ കണ്ടെത്തിയിട്ടുള്ളത്. ആന, കാട്ടുപോത്ത്, മ്ലാവ്, നീലഗിരി ലംഗൂർ, സിംഹവാലൻ കുരങ്ങ്, മലയണ്ണാൻ തുടങ്ങി അസംഖ്യം വന്യമൃഗങ്ങളും ഈ കാടുകളിൽ വസിക്കുന്നു. മലമുഴക്കി വേഴാമ്പൽ, പാണ്ടൻ വേഴാമ്പൽ എന്നിവയടക്കം 264 ഓളം പക്ഷിയിനങ്ങളേയും ഇവിടെ കാണാൻ സാധിക്കുന്നു. അതിനാൽ തന്നെ ഈ പ്രദേശത്തെ അതീവ പ്രാധാന്യമുള്ള പക്ഷി നിരീക്ഷണ കേന്ദ്രമായി ഇന്റർനാഷണൽ ബേഡ് അസോസി

യേഷൻ പ്രഖ്യാപിച്ചിരിക്കുന്നു. ലോകത്തിൽ തന്നെ ഏറ്റവുമധികം മത്സ്യവിഭാഗങ്ങളെ കണ്ടെത്തിയിട്ടുള്ള പുഴകളിൽ ഒന്നാണ് ചാലക്കുടിപ്പുഴ. 104 ഇനം മത്സ്യങ്ങളെ ആണ് ഇവിടെ ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 35 എണ്ണം കേരളത്തിലെ തനതായതും അതിൽ തന്നെ 12 എണ്ണം അത്യുല്കൃഷ്ടമായവയുമാണ്. ഇക്കാരണത്താൽ ലക്നൗ കേന്ദ്രീകരിച്ചിട്ടുള്ള നാഷണൽ ബ്യൂറോ ഓഫ് ഫിഷ് ജനറ്റിക് റിസോഴ്സ്സ് അതിരപ്പിള്ളി വാഴച്ചാൽ മേഖലയെ 'മത്സ്യ സങ്കേതമായി' പ്രഖ്യാപിക്കണം എന്ന് നിർദ്ദേശിക്കുന്നു. അതിരപ്പിള്ളിയുടെ ജൈവവൈവിധ്യം വർണ്ണനാതീതമാണ്. അത് നിർവ്വഹിക്കുന്ന പാരിസ്ഥിതിക സേവനങ്ങൾ അളക്കാനാവാത്തതും. അതുല്യമായ ഈ ജൈവസമ്പത്തിനെ വന്യജീവി സങ്കേതമായോ ദേശീയോദ്യാനമായോ പ്രഖ്യാപിച്ച് സംരക്ഷിക്കണമെന്നാണ് ഏഷ്യൻ നേച്ചർ കൺസർവേഷൻ ഫൗണ്ടേഷൻ ആവശ്യപ്പെടുന്നത്. വനസംരക്ഷണത്തോടൊപ്പം വനവത്ക്കരണ പ്രക്രിയകൾ ഊർജിതമാക്കണം എന്നും SDG നിഷ്കർഷിക്കുന്നുണ്ട്. SDG 15.1 മുതൽ 15.5 വരെ വനസംരക്ഷണത്തെക്കുറിച്ചും അതിനോട് അനുബന്ധമായ വിഷയങ്ങളെക്കുറിച്ചും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നു. മലനിരകളേയും അതിലെ ജൈവ വൈവിധ്യത്തേയും സംരക്ഷിക്കുന്നത് സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷമാണെന്നും, സ്വാഭാവിക ആവാസവ്യവസ്ഥകളുടെ നശീകരണത്തിനെതിരെ ത്വരിത നടപടികൾ സ്വീകരിക്കണമെന്നും, ജൈവവൈവിധ്യം കാത്തുസൂക്ഷിക്കുന്നതിനും വംശനാശ ഭീഷണി നേരിടുന്ന ജീവവർഗ്ഗങ്ങളെ സംരക്ഷിക്കുന്നതിനും പ്രത്യേക താത്പര്യം കാണിക്കണം എന്നും ഊന്നി പറയുന്നു. എന്നാൽ ഇതെല്ലാം തന്നെ ബധിര കർണ്ണങ്ങളിൽ ആണ് വന്നു പതിക്കുന്നത്. വികസന സൂചികകളിൽ അന്താരാഷ്ട്ര നിലവാരം പുലർത്തുന്ന കേരളം പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിൽ വിപരീത ദിശയിലാണു സഞ്ചരിക്കുന്നത് എന്നുവേണം മനസ്സിലാക്കാൻ.

2020 ഓടു കൂടി പാരിസ്ഥിതിക-ജൈവ വൈവിധ്യ മൂല്യങ്ങൾ ദേശീയ-പ്രാദേശിക പദ്ധതി രൂപീകരണത്തിലും, വികസന സമീപനങ്ങളിലും, ദാരിദ്ര്യ നിർമ്മാർജ്ജന തന്ത്രങ്ങളിലും (SDG 15.9) ഉൾപ്പെടുത്തണമെന്നും, കണക്കാക്കണമെന്നും നിർദ്ദേശിക്കുന്നു. കേരളത്തിന്റെ വികസന സങ്കൽപ്പങ്ങളിൽ പരിസ്ഥിതിയുടെയും ജൈവവൈവിധ്യത്തിന്റെയും മൂല്യം പൂജ്യമായാണ് കണക്കാക്കുന്നത് എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. സുസ്ഥിര വികസനം എന്ന് നാഴികക്ക് നാൽപ്പതു വട്ടം പ്രസംഗിക്കുമെങ്കിലും അതിന്റെ ഏഴയലത്തുപോലും നമ്മുടെ വികസന സമീപനം എത്തിയിട്ടില്ല എന്നതിന്റെ നേർചിത്രമാണ് അതിരപ്പിള്ളി.

സുസ്ഥിര വികസന ലക്ഷ്യങ്ങൾ മുമ്പോട്ടു വെക്കുന്ന നിർദ്ദേശങ്ങളിൽ ഒന്നിനോട് പോലും യോജിച്ചു പോകാത്ത, സുസ്ഥിര വികസനം, പരിസ്ഥിതി സംരക്ഷണം എന്നീ ആശയങ്ങളുടെ അന്തസത്തയെ തന്നെ ചോദ്യം ചെയ്യുന്ന ഒന്നാണ് അതിരപ്പിള്ളി പദ്ധതി. നാളിതുവരെ നാം ആർജ്ജിച്ചെടുത്തു എന്ന് പറയുന്ന വിവരവും വിദ്യാഭ്യാസവും, വികസനസൂചികകളും എല്ലാം തന്നെ ഈയൊരു പദ്ധതിക്ക് മുന്നിൽ നിഷ്പ്രഭമാകുന്നു. വികസനം എന്നത് അംബരചുംബികളും, കൂറ്റൻ വാണിജ്യ ശാലകളും, അതിവേഗ റെയിൽ പാതകളും മാത്രമല്ല എന്നും, അവയെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിൽ മുക്കാൻ ബലികൊടുക്കേണ്ടി വരുന്നത് പാർശ്വവത്കരിക്കപ്പെട്ട, സമൂഹത്തിന്റെ അതിർ വരമ്പുകളിൽ നിൽക്കുന്നവരുടെ സ്വത്വവും, സംസ്കാരവും, ആത്മാഭിമാനവും ആണെന്ന് മലയാളികൾ ഇനിയെങ്കിലും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിരപ്പിള്ളി പദ്ധതി വേണ്ട എന്ന് ഉറക്കെ വിളിച്ചു പറയുവാനുള്ള ആർജ്ജവം ഓരോ കേരളീയനും കാണിക്കേണ്ടിയിരിക്കുന്നു. ജനങ്ങൾക്ക് ആവശ്യമില്ലാത്ത, അവരെ തഴയുന്ന, വികസനം അടിച്ചേൽപ്പിക്കുന്ന രാഷ്ട്രീയ നേതൃത്വത്തെ തള്ളിക്കളയാനുള്ള ഇച്ഛാശക്തി നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. ഒരുപക്ഷേ ഇന്ന് നാം പറയുന്ന 'അരുത്' എന്ന ഒറ്റവാക്കായിരിക്കാം നാളെ നമുക്കും നമ്മുടെ വരും തലമുറകൾക്കും ഒരൽപം പച്ചപ്പും, വായുവും, ജീവജലവും പകരുന്നത്. ■


## കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ

**വാർഷിക വരിസംഖ്യ** (12 ലക്കം) :
**ഇന്ത്യയിൽ** : 300 രൂപ, **സ്ഥാപനങ്ങൾക്ക്** : 600 രൂപ
**വിദേശത്തേക്ക്** : 1200 രൂപ.
**കൂട്ടായ്മ അംഗത്വം** : 15,000 രൂപ.
**ആജീവനാന്ത വരിസംഖ്യ** : 10,000 രൂപ.

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*
**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943

**ബാങ്ക് അക്കൗണ്ട്:**
Keraleeyam 12800200006806, Federal Bank, STN Branch, Thrissur. RTGS Code: FDRL0001280